മാതൃഭൂമി

**28 November 2020**

# കാളാഞ്ചിയും കരിമീനും ഇവിടെ ജീവനോടെയുണ്ട്...

## ലൈവ് ഫിഷ് കൗണ്ടറുമായി സി.എം.എഫ്. ആർ.ഐ.



▶ സി.എം.എഫ്.ആർ.ഐ.യിൽ ആരംഭിച്ച 'ലൈവ് ഫിഷ് കൗണ്ടറി'ൽ നിന്നുള്ള ദൃശ്യം

**കൊച്ചി**▸ ശുദ്ധമായ മീൻ കഴിക്കാൻ അവസരമൊരുക്കി കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സി.എം.എഫ്.ആർ.ഐ). കൂടുകൃഷിയിൽ വിളവെടുത്ത ജീവനുള്ള കാളാഞ്ചി, കരിമീൻ, ചെമ്പല്ലി, തിലാപ്പിയ എന്നീ മത്സ്യങ്ങൾ ഇനി മുതൽ എല്ലാ പ്രവൃത്തിദിനങ്ങളിലും സി.എം.എഫ്.ആർ.ഐ.യിൽ നിന്ന് നേരിട്ടുവാങ്ങാം. ഇതിനായി 'ലൈവ് ഫിഷ് കൗണ്ടർ' ഒരുക്കിയിട്ടുണ്ട്.

സി.എം.എഫ്.ആർ.ഐ.യിലെ കാർഷിക സാങ്കേതികവിദ്യാ വിവര കേന്ദ്രം, എറണാകുളം കൃഷി വിജ്ഞാന കേന്ദ്രം എന്നിവയുടെ സാങ്കേതിക സഹായത്തോടെ കൂടുമത്സ്യകൃഷി നടത്തുന്ന കർഷകരാണ് ഹൈക്കോടതിക്ക് സമീപം സി.എം.എഫ്.ആർ.ഐ.യിൽ സ്ഥിരമായി ഒരുക്കിയ 'ലൈവ് ഫിഷ് കൗണ്ടറി'ലൂടെ വിൽപ്പന നടത്തുന്നത്.

കോവിഡ് പശ്ചാത്തലത്തിൽ മത്സ്യ വിപണനത്തിൽ കർഷകർ നേരിടുന്ന പ്രതിസന്ധി പരിഹരിക്കുകയാണ് ലക്ഷ്യം. കൃഷിയിടങ്ങളിൽ നിന്ന് വിളവെടുക്കുന്ന മത്സ്യങ്ങൾ ഉടനെ തന്നെ വിറ്റഴിക്കുന്നതാണ് നിലവിലെ രീതി. എന്നാൽ, മതിയായ സജ്ജീകരണങ്ങളോടെ കൃഷിചെയ്ത മത്സ്യം, ജീവനോടെ ആവശ്യക്കാർക്ക് ലഭ്യമാക്കുകയാണ് ലക്ഷ്യം.

രാവിലെ 10 മുതൽ വൈകീട്ട് ഏഴു വരെയാണ് ലൈവ് ഫിഷ് കൗണ്ടർ പ്രവർത്തിക്കുന്നത്. കർഷകർക്കാവശ്യമുള്ള ഉത്പന്നങ്ങൾ വിൽക്കുന്ന 'ഫാം സ്റ്റോർ', കർഷകരുടെ മാത്രം ഉത്പന്നങ്ങൾ വിൽക്കുന്ന 'ഫാം ഷോപ്പി' എന്നിവയും ഇതോടൊപ്പം പ്രവർത്തിക്കുന്നുണ്ട്. കർഷകരിൽ നിന്ന് ശേഖരിച്ച് ശീതീകരിച്ച ചക്കപ്പഴം, പച്ചച്ചക്ക, ചക്കക്കുരു എന്നിവ വർഷം മുഴുവൻ ലഭ്യമാണ്. അരിഞ്ഞ് പായ്ക്കറ്റിലാക്കിയ പച്ചക്കറികൾ, പഴങ്ങൾ, വീട്ടുവളപ്പുകളിൽ ഉത്പാദിപ്പിക്കുന്ന കോഴി, കാട, താറാവ് മുട്ടകൾ, പാൽ, നെയ്യ്, കർഷകർ നേരിട്ടെത്തിക്കുന്ന മറയൂർ ശർക്കര, വെളിച്ചെണ്ണ, സുഗന്ധവ്യഞ്ജനങ്ങൾ തുടങ്ങിയവയും ലഭിക്കും.